ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ/ ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ സെക്രട്ടറി-കം- കൺവീനറുമായ സമിതിയിൽ കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾ നാമനിർദ്ദേശം ചെയ്യുന്ന ടി പാർട്ടികളുടെ യുവജന സംഘടനകളുടെ പ്രതിനിധികളും ഭാരതീയ ജനതാപാർട്ടിയുടെ (ദേശീയ പാർട്ടി) യുവജന സംഘടനയുടെ പ്രതിനിധിയും ഉൾപ്പെടുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ സീനിയോറിറ്റി തൊഴിൽരഹിത വേതന വിതരണം എന്നിവ സംബന്ധിച്ച് പരാതികൾ ചൂണ്ടികാണിക്കുകയെന്നതാണ് കമ്മിറ്റിയുടെ ഉദ്ദേശം. അതുപോലെ സ്വകാര്യമേഖലയിലും അർദ്ധ സർക്കാർ മേഖലയിലും ഉണ്ടാകുന്ന ഒഴിവുകൾ മെമ്പർമാർ ചൂണ്ടിക്കാണിക്കുകയും, ഒഴിവുകൾ അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്യോഗദായകരെയും ആറ് മാസത്തിൽ താഴെയുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുവാൻ ജില്ലാതല ഓഫീസർമാരെയും പ്രേരിപ്പിക്കണം. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി എംപ്ലോയ്മെന്റ് ഓഫീസർമാർ മെമ്പർമാരിൽ നിന്നുണ്ടാകുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്. കൂടാതെ എഴുത്തുപരീക്ഷയും, കൂടിക്കാഴ്ചയ്ക്കും മുൻപേ തൊഴിൽ രഹിതരായ യുവജനങ്ങൾക്ക് അറിവും പരിചയവും വർദ്ധിപ്പിക്കാനുതകുന്ന പരിശീലന പരിപാടികളും, സെമിനാറുകളും നടത്തുവാനും ഈ കമ്മിറ്റിക്ക് അധികാരമുണ്ട്.

13 (*466) തൊഴിൽ തർക്കങ്ങൾക്ക് പരിഹാരം

ശ്രീ. എൻ. കണ്ണൻ :

ശ്രീ. എളമരം കരീം :

ശ്രീമതി എൻ.കെ. രാധ :

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ തർക്ക പരിഹാരത്തിന് എന്തെങ്കിലും നടപടി ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിന് അന്തർദേശീയ തൊഴിൽ സംഘടന എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വച്ചതായി അറിവുണ്ടോ;

(ഡി) എങ്കിൽ എന്തെല്ലാം നിർദ്ദേശങ്ങൾ എന്ന് വെളിപ്പെടുത്തുമോ;

(ഇ) തൊഴിൽതർക്കങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് എന്തെങ്കിലും പരിശീലനം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) എങ്കിൽ പ്രസ്തുത പരിശീലനപരിപാടിയുടെ വിശദാംശം വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്ത് തൊഴിൽതർക്ക പരിഹാരത്തിനുവേണ്ട സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

(ബി) തൊഴിൽതർക്ക പരിഹാരത്തിന് തൊഴിൽ വകുപ്പിൽ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥന്മാരുണ്ട്. ഈ ഉദ്യോഗസ്ഥന്മാർ തൊഴിൽതർക്കം പരിഹരിക്കുന്നതിനായി അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. പരിഹരിക്കപ്പെടാൻ കഴിയാത്തവ തൊഴിൽ കോടതിയുടേയോ ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയോ തീർപ്പിന് വിടാറുണ്ട്. ഇതിനു പുറമേ വിവിധ തൊഴിൽ മേഖലകളിൽ തൊഴിലാളി-മുതലാളി പ്രതിനിധികളടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മിഷണറുടെ അദ്ധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) &(എഫ്) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർക്കും തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ പരിശീലനം നൽകാറുണ്ട്. ഈ സ്ഥാപനം വർഷാവർഷം തൊഴിൽ വകുപ്പിലെ അനുരഞ്ജന ഉദ്യോഗസ്ഥന്മാർക്കും വിവിധ മേഖലകളിലെയും വ്യവസായങ്ങളിലെയും തൊഴിലാളികൾക്കും ട്രേഡ് യൂണിയൻ നേതാക്കന്മാർക്കും തൊഴിലുടമകൾക്കും പരിശീലനം നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിൽവകുപ്പിലെ ഉദ്യോഗസ്ഥന്മാർക്കു വേണ്ടി 18 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. അതിൽ മൊത്തം 568 ഉദ്യോഗസ്ഥന്മാർ പങ്കെടുത്തു.

14 (* 467) എല്ലാവർക്കും ശുദ്ധജലം എത്തിക്കാനുള്ള പദ്ധതി

ശ്രീ. ബി. വിജയകുമാർ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം എത്തിക്കാനുള്ള ഒരു പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഇതുവരെ എന്തെല്ലാം ചെയ്തിട്ടുണ്ട്;

(സി) ഈ വർഷം ഈ പദ്ധതി പ്രകാരം എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നു;

(ഡി) ഈ വർഷം ഇക്കാര്യത്തിനുവേണ്ടി എടുക്കുന്ന നടപടികളോടുകൂടി രണ്ടായിരാമാണ്ടിൽ എല്ലാവർക്കും ശുദ്ധജലം നൽകാൻ കഴിയുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

LIBRARY ARCHIVES Kerala Legislative Assembly